ഭക്ഷ്യസുരക്ഷാ നിയമം

105 (2600) ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്ന റേഷൻ വിതരണം സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത നിയമം നടപ്പാക്കാതിരിക്കാൻ കണ്ടെത്തിയ കാരണങ്ങൾ വിശദമാക്കുമോ ;

(സി) ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്ന റേഷൻ സമ്പ്രദായം അതേപടി നടപ്പാക്കാൻ എന്തെല്ലാം ബുദ്ധിമുട്ടുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 1.54 കോടി ജനങ്ങളാണ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നത്. ടി വിഭാഗത്തിൽ ഉൾപ്പെടുന്ന എ.എ.വൈ. വിഭാഗത്തിലുള്ളവർക്ക് ഒരു കുടുംബത്തിന് പ്രതിമാസം 35 കിലോ അരിയും, മുൻഗണനാ വിഭാഗത്തിലെ ഒരു കുടുംബത്തിലെ ഒരംഗത്തിന് 5 കിലോ ഭക്ഷ്യധാന്യവുമാണ് പ്രതിമാസം വിതരണം ചെയ്യേണ്ടത്.

(ബി & സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly